# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2402

18.07.2011 ൽ മറുപടിയ്ക്ക്

## വായ്പാതുക എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങൾ വഴി കർഷകർ എടുത്തിട്ടുള്ള വായ്പാതുക എഴുതി തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 1. <u>കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി:-</u> 2008 -09 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രി പ്രഖ്യാപിച്ച 'കാർഷിക കടം എഴുതിതള്ളലും, കടാശ്വാസവും പദ്ധതി' സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, നബാർഡ് മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൻ കീഴിൽ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ 1123.43 കോടി രൂപയിൽ 1109.27 കോടി രൂപ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ഇതിനകം ലഭ്യമായിട്ടുണ്ട്.<br>2. <u>വയാട് ജില്ലയ്ക്കായുള്ള പ്രത്യേക പദ്ധതി:-</u> വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മറ്റു വിധത്തിലോ കൃഷി ഭൂമിയുള്ള കർഷകർ 30.06.2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. ടി ഇനത്തിൽ 14,38,45,120/- രൂപ അർഹതപ്പെട്ട സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

3. <u>ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതി തള്ളി:-</u>

സംസ്ഥാനത്ത് കാർഷിക കടക്കെണി മൂലം 01.01.1999 മുതൽ 31.07.2006 വരെയുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ പേരിൽ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ ബാക്കി നിൽപ്പുണ്ടായിരുന്ന കാർഷിക കടങ്ങൾ എഴുതിതള്ളി. ടി ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത വകയിൽ 543 വായ്പകളിലായി 1,46,66,561/- രൂപ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

4. <u>കേരള കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡ് ബാദ്ധ്യത:-</u>

കട ബാദ്ധ്യത മൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച 'കേരള കർഷക കടശ്വാസ കമ്മീഷൻ' കർഷകർക്ക്/സംഘങ്ങൾക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 48,06,88,505/- രൂപ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പ്തല പരിശോധനയിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 33,31,85,772/- രൂപ ഇതിനോടകം സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ സർക്കാരിന് 31.03.2011 വരെ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

(ബി)

1. കേന്ദ്ര കാർഷിക കടം എഴുതിതള്ളലും കടശ്വാസവും പദ്ധതി 2008 ന് കീഴിൽ 1109.27 കോടി രൂപ കേന്ദ്ര സർക്കാർ/നബാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്.
2. വയനാട് ജില്ലയ്ക്കായുള്ള പ്രത്യേക പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ 14,38,45,120/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

3. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിതള്ളിയ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത വകയിൽ 1,46,66,561/- രൂപ സംസ്ഥാന സർക്കാർ വിനിയോഗിച്ചിട്ടുണ്ട്.
4. കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക്/സംഘങ്ങൾക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 31.03.2011 വരെ 48,06,88,505/- രൂപ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുകയിൽ 31.03.2011 വരെ 30,22,30,449/- രൂപ സഹകരണ സംഘം രജിസ്ട്രാർ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ